# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 706:** **11/12/2012- ൽ മറുപടിക്ക്**

## മൾട്ടി ലെവൽ മാർക്കറ്റിംഗ്

**ചോദ്യം** **ഉത്തരം**

**ശ്രീ. റ്റി. എൻ. പ്രതാപൻ :**
**ശ്രീ. വി. ഡി. സതീശൻ :**
**ശ്രീ. എം. പി. വിൻസെന്റ് :**
**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | മൾട്ടി ലെവൽ മാർക്കറ്റിംഗ് നിയന്ത്രിക്കാൻ വ്യവസായ വാണിജ്യ വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കുമോ ; | (എ) | മൾട്ടി ലെവൽ മാർക്കറ്റിംഗ് നിയന്ത്രിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ നിർദ്ദേശ പ്രകാരം മൾട്ടി ലെവൽ മാർക്കറ്റിംഗ് കമ്പനികൾ പാലിക്കേണ്ടുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാത്രമല്ല, ഇത്തരം കമ്പനികൾ വാണിജ്യ നികുതി വകുപ്പുമായി രജിസ്റ്റർ ചെയ്യേണ്ടതാണെന്നും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉപഭോക്താക്കൾക്കു മുൻപിൽ പ്രദർശിപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് വകുപ്പ് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഉണ്ട്. മാർഗ്ഗ നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാത്തവർക്കെതിരെ എന്തെല്ലാം നിയമനടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ; | (സി) & (ഡി) | മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്ത വർക്കെതിരെ കേരള മണിലെൻഡേഴ്സ് ആക്ട്, ആർ. ബി. ഐ. ആക്ട്, ഐ.പി.സി. എന്നിവ പ്രകാരം കേസ് എടുത്ത് അന്വേഷണം നടത്തുന്ന താണ്. |
| (ഡി) | മൾട്ടിലെവൽ മാർക്കറ്റിംഗ് നിയന്ത്രിക്കാൻ പുതിയ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ എന്ന വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്